**കണ്ടെത്താം എഴുതാം**

1. *ശരിയായ ഉച്ചാരണം മനസ്സിലാക്കാൻ എന്തു ചെയ്യണം?*
   അറിവുള്ളവരുടെ ഉച്ചാരണം ശ്രദ്ധിക്കുക. അതനുസരിച്ച് സ്വന്തം ഉച്ചാരണത്തിലെ തെറ്റുതിരുത്തുക.
2. *'ഭ' എന്ന് ഉച്ചരിക്കേണ്ടത് എങ്ങനെയാണ്?*
   മേൽച്ചുണ്ടും കീഴ്ച്ചുണ്ടും തമ്മിൽ ചേർത്തുവേണം 'ഭ' എന്ന് ഉച്ചരിക്കുവാൻ.
3. *'fa' എന്ന ഉച്ചാരണം വരുന്നത് എങ്ങനെയാണ്?*
   കീഴ്ച്ചുണ്ട് മേൽവരിപ്പല്ലുമായി ചേരുമ്പോഴാണ്.
4. *ഉച്ചാരണപ്പിശകിന് ഉദാഹരണമായി പറഞ്ഞിരിക്കുന്ന വാക്കുകൾ ഏതെല്ലാം?*
   കുട്ടികൾ സ്വയം കണ്ടെത്തട്ടെ.
5. *ദുഷിച്ച ഉച്ചാരണവും എഴുത്തും ഭാഷയെ നാശത്തിലേക്കു തള്ളിയിടുന്നു—നിങ്ങൾക്ക് എന്തു തോന്നുന്നു?*
   ദുഷിച്ച ഉച്ചാരണവും ഭാഷയും ഭാഷയെ നാശത്തിലേക്കു നയിക്കും. പലരും പലവിധം ഒരു പദം ഉച്ചരിക്കാൻ തുടങ്ങിയാൽ, എഴുതുവാൻ തുടങ്ങിയാൽ ആ ഭാഷയുടെ ഗതിയെന്താവും. നിയമവും ക്രമവും ഇല്ലാതെ ഭാഷ ഉപയോഗിക്കാൻ തുടങ്ങിയാൽ അത് പ്രാകൃതമാകും. ആർക്കും മനസ്സിലാവുകയുമില്ല. [redacted]

Scanned with CamScanner

6. *നാം സംസാരിക്കുന്ന വാക്കുകൾ പലതും എഴുതുമ്പോൾ അക്ഷരത്തിനു മാറ്റമുണ്ടാകുന്നുണ്ട്. അത്തരം കുറെ വാക്കുകൾ നിങ്ങൾക്കു കണ്ടെത്താമോ?*

| തെറ്റായ ഉച്ചാരണം | ശരിയായ ഉച്ചാരണം |
|---|---|
| കായീകം | കായികം |
| കയ്‌ | കൈ |
| കയ്യക്ഷരം | കൈയക്ഷരം |
| കണ്ടുപിടുത്തം | കണ്ടുപിടിത്തം |

Scanned with CamScanner